Talented Bankers Literary Panel
പുസ്തക പരിചയം 256

പുസ്തകം പരിചയപ്പെടുത്തുന്നത്,
ബി നന്ദകുമാർ,
ഫെഡറൽ ബാങ്ക്.

'മുക്ത കണ്ഠം വി കെ എൻ
കെ രഘുനാഥൻ

വികെയെന്റെ അധികമാർക്കുമറിയാത്ത മറുവശം

ശ്രീ.രഘുനാഥൻ സുകൃതം ചെയ്ത എഴുത്തുകാരനാണ്. അദ്ദേഹത്തിന്റെ സുകൃതം വി.കെ. എന്റെ ആത്മകഥയോട് ചേർന്നു നിൽക്കുന്ന ഈ ജീവിത കഥ ഒന്നുകൊണ്ടു മാത്രം പൂർണ്ണമാവുന്നു. ഏറ്റവും കൂടുതൽ ചിരിക്കാനറിയുന്ന, ചിരിപ്പിച്ച എല്ലാ കലാകാരന്മാരുടെ ചിരികൾക്കു പിന്നിലും ദുഃഖം അടയിരിക്കുന്നു, എന്നൊരു നിരീക്ഷണമുണ്ട്. ആൽബേർ കാമുവിന്റെ വരികളുടെ മേക് - ഓവർ ആണ് ഈ നിരീക്ഷണം. "കാമു" പറഞ്ഞത് ഏറ്റവും സുന്ദരമായ ചിരികൾക്കു പിന്നിൽ ദുരന്ത ഭരിതവും ദു:ഖഭരിതവുമായ ഒരു പശ്ചാത്തലമുണ്ട്. ചാർളി ചാപ്ളിൻ തൊട്ട് വി.കെ.എൻ വരെയുള്ളവരുടെ ജീവിതത്തിൽ ഈ പറഞ്ഞത് കിറുകൃത്യമാണ്. ഇതൊരു ജീവിതാഖ്യായികയാണ്. സഞ്ജയനു ശേഷം മലയാളം കണ്ട് ഏറ്റവും പ്രഗത്ഭനായ ഹാസ്യ കഥാകാരന്റെ ജീവിത കഥ ആരിലും ഉത്സാഹം പകരും. കഥകളിലൂടെ ഒട്ടനവധി കാര്യങ്ങൾ നർമ്മത്തിൽ ചാലിച്ച് നമുക്കു പറഞ്ഞു തന്ന ഈ 'പിതാമഹന്റെ' സ്വകാര്യ ജീവിതം കയ്പും കണ്ണീരും നിറഞ്ഞതായിരുന്നു എന്ന വാസ്തവം ഒരു പക്ഷേ ഒട്ടു പേർക്കും അറിവുള്ളതായി കൊള്ളണമെന്നില്ല. തന്റെ കഥാപാത്രം 'പയ്യനോ'ട് പറഞ്ഞ വാക്കുകൾ തന്നെയാണ് വികെയെന്റെ ജീവിത വേദാന്തവും - 'കണ്ണീര് പുറത്തു വരാതിരിക്കാൻ പയ്യൻ ചിരിച്ചു'. ശ്രീ.രഘുനാഥൻ ആമുഖത്തിൽ പറഞ്ഞതു പോലെ,' ഉപരിതലത്തിൽ നീന്തുന്ന ഹാസ്യം മാത്രമാണ് നമുക്ക് കാണാനാവുന്നത്. പക്ഷേ ചിരിയുടെ അടിത്തട്ട് എത്രമാത്രം ദുരന്തപര്യവസായി ആണ്!'
1929 ഏഴിൽ 6 ന് ചതയം നക്ഷത്രത്തിൽ ഭൂജാതനായ വടക്കേ കൂട്ടാല നാരായണൻ കുട്ടി വി.കെ.എൻ ആവുന്നത് തൊട്ട് അദ്ദേഹത്തിന്റെ മരണം (2004 ജനുവരി 25, ഞായറാഴ്ച - അവധി നോക്കിയാണ് മരണം, ഏവരുടെയും സൗകര്യം കണക്കിലെടുത്ത്!) വരെയുള്ള നാളുകളിലൂടെ അദ്ദേഹത്തിന്റെ വിശാലമായ ജീവിതാനുഭവങ്ങളിലൂടെയും എഴുത്തു ലോകത്തിലൂടെയുമുള്ള കൗതുകമാർന്ന യാത്രയാണ് രഘുനാഥന്റെ ഈ പുസ്തകം. രണ്ടു മക്കളാണ് വികെയെന്നുള്ളത് - രഞ്ജനയും ബാലചന്ദനും. രഞ്ജന വിവാഹം കഴിഞ്ഞ സൈനികോദ്യോഗസ്ഥനായ ഭർത്താവിനൊപ്പം അകലെയാണ്. ഇതിനിടയിൽ മൂകാംബികയ്ക്ക് എന്നു പറഞ്ഞു വീട്ടിൽ നിന്നറിങ്ങിയ ബാലചന്ദ്രൻ പിന്നീട് തിരിച്ചു വന്നില്ല. ബാലചന്ദ്രന്റെ വിധവ രമയും ഭാര്യ വേദവതിയോടുമൊത്തുള്ള വികെയെന്നിന്റെ ജീവിതം കയ്പേറിയതും ശൂന്യവുമായി മാറി. രമയുടെ അപസ്വരം തീണ്ടാത്ത പ്രസന്ന ജീവിതമാണ് ഒരു കണക്കിന് വികെയെന്നിന്റെ എഴുത്തു ജീവിതത്തിന്

ഊർജ്ജം നൽകിയത്.
ഒരു ജോലിയിലും ഉറച്ചു നിൽക്കാത്ത ബാലചന്ദ്രന് അറിവും ലോക പരിചയവും ധാരാളമുണ്ടായിരുന്നു. ഫ്രഞ്ച് നേവി കപ്പലിലെ ജോലി കാലത്ത് ബാലചന്ദ്രൻ കാണാത്ത രാജ്യങ്ങളില്ലായിരുന്നു. എന്നാൽ ആളൊരു താന്തോന്നിയും. '79 ൽ ഒരു ക്രിമിനൽ കേസ്സിൽ പെട്ടതോടെ അദ്ദേഹത്തിന് വിദേശത്ത് പോകാൻ കഴിയാതെ വന്നു. രഘുനാഥൻ പറയുന്നു, 'ത്രി വിധങ്ങളായ ദുഃഖങ്ങളാണ് വികെയെൻ അനുഭവിച്ചത് - ജീവിച്ചിരിക്കുമ്പോൾ മകന്റെ പ്രവൃത്തികൾ വരുത്തി വെച്ച ദുഃഖം, തിരോധാനത്തിനു ശേഷമുണ്ടായ അനിശ്ചിതത്വം, ഒടുവിൽ മകന്റെ ആത്മഹത്യയ്ക്ക് ശേഷമുള്ള താങ്ങാനാവാത്ത ദുഃഖം.
ഈ ദുഃഖങ്ങൾക്കിടയിലൊക്കെ തന്നെ 'ക്ഷമിക്കണം' എന്ന കുറ്റ മനസ്സുമായാണ് വി കെ എൻ ജീവിച്ചത് എന്ന് രഘുനാഥൻ നിരീക്ഷിക്കുന്നുണ്ട്. 'ക്ഷമിക്കണം' എന്ന വിയോഗ വാക്യം ഭാര്യ വേദവതിയമ്മ അർഹിക്കുന്നതു തന്നെയാണ്.
വികെയെന്നും ചിത്രകാരൻ നമ്പൂതിരിയും വലിയ അടുപ്പത്തിൽ ആയിരുന്നു.
വികെയെന്റെ കഥകൾക്കായി ചിത്രവരയ്ക്കായി കാത്തിരിക്കുമായിരുന്നു എന്നു നമ്പൂതിരിയുടെ ചെറിയ ആമുഖത്തിൽ പറയുന്നുണ്ട്. വി കെ എന്റെ സർ ചാത്തു, പയ്യൻസ്, സുനന്ദ തുടങ്ങിയ എണ്ണിയാലൊടുങ്ങാത്ത കഥാപാത്രങ്ങൾക്ക് മിഴിവേകിയത് നമ്പൂതിരിയുടെ രേഖാ ചിത്രങ്ങളാണല്ലൊ.
'ശരിക്ക് നോക്യാ വികെയെൻ ഒരു ഹാസ്യസാഹിത്യകാരൻ മാത്രമല്ല. അകത്ത് വേറ്യാ സാധനം. കഷായ ഗുളിക അകത്താക്കാൻ കൽക്കണ്ടപ്പൊതിയുണ്ടാക്കാനുള്ള സൂത്രാണ് വികെയെന്റെ ഹാസ്യം' - നമ്പൂതിരി എഴുതുന്നു.

550 രൂപയാണ് ഈ പുസ്തകത്തിന്റെ വില. 416 പേജുകളുള്ള പുസ്തകം പുറത്തിറക്കിയിരിക്കുന്നത് ലോഗോസ് ബുക്ക്സ് ആണ്. നല്ല കാലികോ ബൈണ്ടിങ്ങും മേനിയുള്ള കടലാസും, പിന്നെ വികെയെന്റെയും കുടുംബത്തിന്റെയും സഹവർത്തികളുടെയും മിഴിവാർന്ന കറുപ്പു - വെളുപ്പിലും നിറത്തിലുമുള്ള ചിത്രങ്ങളും ഈ പുസ്തകത്തിന്റെ മാറ്റുകൂട്ടുന്നുണ്ട്.